# പതിനഞ്ചാം കേരള നിയമസഭ

# നാലാം സമ്മേളനം

2022 മാർച്ച് 17, വ്യാഴം

**നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ**

**[ആകെ ചോദ്യങ്ങൾ--30]**

**മറുപടി നൽകുന്ന മന്ത്രിമാർ**

**ധനകാര്യ വകുപ്പ് മന്ത്രി**

**നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി**

**വൈദ്യുതി വകുപ്പ് മന്ത്രി**

**സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി**

**ആഗോള നിക്ഷേപക സംഗമം**

*181 **ശ്രീ എം രാജഗോപാലൻ**
**ശ്രീ. പി. ടി. എ. റഹീം**
**ശ്രീ. കെ. പ്രേംകുമാർ**
**ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇലക്ട്രോണിക്സ്, ഭക്ഷ്യസംസ്കരണം തുടങ്ങിയ വ്യവസായങ്ങൾക്കായുള്ള പാർക്ക് അനുവദിക്കണമെന്നും അങ്ങനെ അനുവദിക്കുമ്പോൾ സംസ്ഥാനത്തെ ഭൂലഭ്യതയിലെ കുറവ് കണക്കിലെടുത്ത് യാഥാർത്ഥ്യ ബോധത്തോടെയുള്ള സമീപനം ഉണ്ടാകണമെന്നും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) നിക്ഷേപകാനുകൂല ഘടകങ്ങൾ സൃഷ്ടിച്ചുകൊണ്ട് ദേശീയ, അന്തർദേശീയ വ്യവസായികളെ സംസ്ഥാനത്തേക്ക് ആകർഷിക്കാൻ നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്നും തെലങ്കാനയിലും യു.എ.ഇ.യിലും മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടന്ന നിക്ഷേപക സംഗമങ്ങൾക്ക് മികച്ച പ്രതികരണം ലഭിച്ചിട്ടുണ്ടോയെന്നും അസെൻഡ് ആഗോള നിക്ഷേപക സംഗമത്തിൽ ലഭിച്ച വാഗ്ദാനങ്ങൾ നിക്ഷേപമാക്കിത്തീർക്കാൻ വേണ്ട തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ;

(സി) നിക്ഷേപക സൗഹൃദാന്തരീക്ഷം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് സഹായകരമാകും വിധം വ്യവസായവുമായി ബന്ധപ്പെട്ട നിയമങ്ങളിലും ചട്ടങ്ങളിലും വരുത്തേണ്ട മാറ്റം സംബന്ധിച്ച് വിദഗ്ധ സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ അതിലെ പ്രധാന ശിപാർശകൾ വെളിപ്പെടുത്താമോ?

## ഇലക്ട്രിക് ചാർജിംഗ് സ്റ്റേഷനുകൾ

*182 **ശ്രീ. സി.സി. മുകുന്ദൻ**
**ശ്രീ. ഇ കെ വിജയൻ**
**ശ്രീ ജി എസ് ജയലാൽ**
**ശ്രീമതി സി. കെ. ആശ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൂടുതൽ ഇലക്ട്രിക് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പൊതുജനങ്ങൾക്കുകൂടി ഉപയോഗപ്രദമാകും വിധം സർക്കാർ ഓഫീസുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, വ്യാപാര വ്യവസായ സമുച്ചയങ്ങൾ എന്നിവിടങ്ങളിൽ പേ ആൻഡ് ചാർജ് അടിസ്ഥാനത്തിൽ ചാർജിംഗ് സ്റ്റേഷനുകൾ ആരംഭിക്കുവാൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ;

(ബി) ഇലക്ട്രിക് വാഹനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഇ-മൊബിലിറ്റി നയം കൊണ്ടുവരുന്നതിനുള്ള നടപടികൾ പരിഗണനയിലുണ്ടോ; വിശദമാക്കാമോ;

(സി) എംപാനൽ ചെയ്ത വാഹന നിർമ്മാതാക്കളിൽ നിന്ന് പൊതുജനങ്ങൾക്ക് ഇലക്ട്രിക് വാഹനങ്ങൾ വിലകുറച്ച് വാങ്ങുന്നതിന് സൗകര്യമേർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) ഓട്ടോറിക്ഷ ഡ്രൈവർമാർക്ക് കുറഞ്ഞ ചെലവിൽ ഇലക്ട്രിക് ഓട്ടോറിക്ഷകൾ വാങ്ങുന്നതിന് എനർജി മാനേജ്മെൻറ് സെന്റർ സഹായം നൽകുന്നുണ്ടോ; വിശദമാക്കാമോ?

## ജി.എസ്.ടി. വരുമാനച്ചോർച്ച തടയാൻ സംവിധാനം

*183 **ശ്രീ. പി. നന്ദകുമാർ**
**ശ്രീ സി എച്ച് കുഞ്ഞമ്പു**
**ശ്രീ എം മുകേഷ്**
**ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജി.എസ്.ടി. യിലെ വരുമാനച്ചോർച്ച തടയുന്നതിനുള്ള സംവിധാനം ശക്തിപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) പരിശീലനം നേടിയ ഉദ്യോഗസ്ഥരെയുൾപ്പെടുത്തി ജി.എസ്.ടി. വകുപ്പ് പുനഃസംഘടിപ്പിച്ച് സുശക്തമായ ഓഡിറ്റ് വിഭാഗം രൂപീകരിക്കാൻ ആവശ്യമായ നടപടിയെടുത്തിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(സി) നികുതി ദായകർക്ക് തടസ്സമില്ലാതെ സേവനം ലഭ്യമാക്കുന്നതിനും നികുതി ഭരണത്തിലെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുമായി പുതിയ സോഫ്റ്റ്‌വെയർ സംവിധാനത്തിലേക്ക് മാറിയിട്ടുണ്ടോ;

(ഡി) പുതിയ സോഫ്റ്റ്‌വെയർ സംവിധാനത്തിലേക്കുള്ള മാറ്റം കെട്ടിക്കിടക്കുന്ന നികുതി നിർണ്ണയ കേസ്സുകൾ തീർപ്പാക്കുന്നതിനെ എപ്രകാരം ബാധിക്കാനിടയുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

## കിഫ്ബിയുടെ പ്രധാന പദ്ധതികൾ

*184 **ശ്രീ. കെ. ജെ. മാക്സി**
**ശ്രീ. എ.എൻ.ഷംസീർ**
**ശ്രീ. പി.പി. സുമോദ്**
**ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി മാതൃകയിലുള്ള കേന്ദ്ര സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങൾ എടുക്കുന്ന വായ്പകൾ സർക്കാരിന്റെ കടക്കണക്കിൽ പെടില്ലെന്ന് കേന്ദ്ര സർക്കാർ വ്യക്തമാക്കിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച് ചില കേന്ദ്രങ്ങളും നിക്ഷിപ്ത താല്പര്യക്കാരും കിഫ്ബിയുടെ വിശ്വാസ്യത തകർക്കാൻ നടത്തുന്ന നീക്കം വസ്തുതകളുടെ അടിസ്ഥാനത്തിൽ വെളിപ്പെടുത്തുമോ;

(ബി) ഇപ്പോൾ കിഫ്ബി അനുമതി നൽകിയ ആറായിരത്തി തൊള്ളായിരത്തി നാല്പത്തി മൂന്ന് കോടി രൂപയുടെ പദ്ധതികളിൽ പ്രമുഖമായവ ഏതെല്ലാമെന്ന് അറിയിക്കാമോ; ഇവ കൂടി ഉൾപ്പെടുമ്പോൾ കിഫ്ബി ഇതുവരെ ആകെ എത്ര കോടി രൂപയുടെ പദ്ധതികൾക്കാണ് അനുമതി നൽകിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) ഏറ്റെടുത്തിട്ടുള്ള പദ്ധതികളെല്ലാം ഉന്നത നിലവാരത്തിൽ നിശ്ചിത സമയത്തിനുള്ളിൽ പൂർത്തിയാക്കുന്നുവെന്ന് ഉറപ്പ് വരുത്താനുള്ള സംവിധാനത്തെക്കുറിച്ച് അറിയിക്കാമോ?

## കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ സംരക്ഷണം

*185 **ശ്രീ. പി. മമ്മിക്കുട്ടി**
**ശ്രീ എ. സി. മൊയ്തീൻ**
**ശ്രീ വി ജോയി**
**ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വ്യവസായ വികസനത്തിനും പൊതുവികസനത്തിനും തന്ത്രപ്രധാനവും അത്യന്താപേക്ഷിതവുമായ കൊച്ചിൻ റിഫൈനറി ഉൾപ്പെടുന്ന മഹാരത്ന സ്ഥാപനമായ ബി.പി.സി.എൽ. വിൽക്കാനുള്ള നീക്കത്തിൽ നിന്ന് സംസ്ഥാന താല്പര്യം പരിഗണിച്ച് പിന്മാറാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ പൊതുജനാരോഗ്യ മേഖലയിൽ സവിശേഷ സാന്നിദ്ധ്യമായ കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ എച്ച്.എൽ.എൽ. ലൈഫ് കെയർ ലിമിറ്റഡ് സ്വകാര്യവത്ക്കരിക്കാതെ സംസ്ഥാനത്തിന് വിട്ടുനൽകണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നോ; സ്ഥാപനത്തിന്റെ വില്പനക്കുള്ള ലേലത്തിൽ പങ്കെടുക്കാൻ സംസ്ഥാനം താൽപര്യപത്രം നൽകാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ;

(സി) പാലക്കാടുള്ള ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തെ ഏറ്റെടുക്കുന്ന നടപടി പൂർത്തിയായിട്ടുണ്ടോ; വ്യക്തമാക്കാമോ?

## <u>ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് സൂചികയിൽ കേരളത്തിന്റെ സ്ഥാനം</u>

*186 **ശ്രീ. കെ. പ്രേംകുമാർ**
**ഡോ.കെ.ടി.ജലീൽ**
**ശ്രീ. ടി.ഐ.മധുസൂദനൻ**
**ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലെ വ്യവസായ നിക്ഷേപ സാദ്ധ്യത കണക്കാക്കുന്നതിനുള്ള അളവുകോൽ എന്ന നിലയിൽ ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് എന്ന സൂചിക അനുസരിച്ച് സംസ്ഥാനങ്ങളുടെ സ്ഥാനം നിർണ്ണയിക്കുന്ന രീതി, മാനദണ്ഡം എന്നിവ വ്യക്തമാക്കാമോ; ഇതിനായി സംസ്ഥാനങ്ങൾ പൂർത്തിയാക്കേണ്ട ദൗത്യങ്ങളും ഇതിൽ കേരളം പൂർത്തിയാക്കിയവയും വിശദമാക്കാമോ;

(ബി) ഇതിനുവേണ്ടി നിർദ്ദേശിച്ച പരിഷ്കാരങ്ങൾ രൂപീകരിക്കുന്നതിലും നടപ്പാക്കുന്നതിലും സംസ്ഥാനം സ്ഥിരവും ആസൂത്രിതവുമായ പുരോഗതി കൈവരിച്ചിട്ടുണ്ടോ; ഇക്കാര്യത്തിൽ കേന്ദ്രം നിശ്ചയിച്ച ലക്ഷ്യം നേടുന്നതിൽ സംസ്ഥാനം ക്രമാനുഗതമായ മുന്നേറ്റം ഉണ്ടാക്കിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

## <u>മിൽമ മാതൃകയിൽ സഹകരണ വിപണന ശൃംഖല</u>

*187 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ**
**ശ്രീ. ടി. പി .രാമകൃഷ്ണൻ**
**ശ്രീ ഐ ബി സതീഷ്**
**ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ-രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണ സ്ഥാപനങ്ങളെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയും യോജിപ്പിച്ച് ഗ്രാമീണ മേഖലയുടെ പുരോഗതിക്കായി പ്രവർത്തിപ്പിക്കാൻ എന്തെങ്കിലും പദ്ധതികളുണ്ടോ;

(ബി) ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി ഉല്പാദകരുടെയും ഉപഭോക്താക്കളുടെയും താല്പര്യം സംരക്ഷിക്കുന്നതിനായി ഭക്ഷ്യോല്പന്നങ്ങൾക്ക് മിൽമ മാതൃകയിൽ സഹകരണ വിപണന ശൃംഖല സൃഷ്ടിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഭക്ഷ്യ സംസ്കരണവും മൂല്യവർദ്ധിതോല്പന്നങ്ങളുടെ നിർമ്മാണവും ഗ്രാമസമ്പദ് വ്യവസ്ഥയുടെ പുരോഗതിക്ക് അനിവാര്യ ഘടകങ്ങളായതിനാൽ ഈ രംഗങ്ങളിൽ ഫലപ്രദമായ രീതിയിൽ ഇടപെടാൻ കഴിയുന്ന തരത്തിലുള്ള സഹകരണ സംഘങ്ങൾ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

## <u>പി.പി.പി. മാതൃകയിൽ വ്യവസായ പാർക്കുകൾ</u>

*188 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വകാര്യമേഖലയിലും സർക്കാർ-സ്വകാര്യ പങ്കാളിത്തത്തോടെ പി.പി.പി. മാതൃകയിൽ വ്യവസായ പാർക്കുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) സ്വകാര്യ വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കുന്നതിന് എത്ര ഏക്കർ സ്ഥലമാണ് ആവശ്യമായിട്ടുള്ളതെന്ന് അറിയിക്കാമോ?

**<u>വികസന പദ്ധതികൾക്ക് വൈദ്യുതി ബോർഡിന്റെ സ്ഥലം</u>**

*189 **ശ്രീ . ടി. വി. ഇബ്രാഹിം**
**ശ്രീ .പി. കെ. ബഷീർ**
**ശ്രീ . മഞ്ഞളാംകുഴി അലി**
**പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിന്റെ സ്ഥലം ഏതെങ്കിലും വികസന പദ്ധതികൾക്ക് അനുവദിച്ച് നൽകുന്നതിനുള്ള അധികാരം നിയമപരമായി ആരിലാണ് നിക്ഷിപ്തമായിരിക്കുന്നതെന്ന് അറിയിക്കാമോ;

(ബി) മുൻ സർക്കാരിന്റെ കാലത്ത് ബോർഡിന്റെ സ്ഥലം ബോർഡിന്റെയോ സർക്കാരിന്റെയോ അനുമതി ഇല്ലാതെ ടൂറിസം വികസനത്തിനായി സൊസൈറ്റികൾക്ക് വിട്ടുനൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) എങ്കിൽ ഇതു സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

**<u>ഭക്ഷ്യ സംസ്കരണ വ്യവസായ യൂണിറ്റുകൾ</u>**

*190 **ശ്രീ. വി. ആർ. സുനിൽകുമാർ**
**ശ്രീ ഇ ചന്ദ്രശേഖരൻ**
**ശ്രീ വി ശശി**
**ശ്രീ. വാഴൂർ സോമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ തനത് കാർഷിക ഉല്പന്നങ്ങളിൽ അധിഷ്ഠിതമായി പ്രവർത്തിക്കുന്ന ഭക്ഷ്യ സംസ്കരണ വ്യവസായ യൂണിറ്റുകളെ പ്രോത്സാഹിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) കർഷകരുടെ ഉല്പന്നങ്ങൾക്ക് മികച്ച വിപണന സാധ്യതകളും ഉപഭോക്താക്കൾക്ക് ഗുണമേന്മയുള്ള ഭക്ഷണ പദാർത്ഥങ്ങളും ലഭ്യമാക്കുന്നതിന് മെഗാ ഫുഡ് പാർക്കുകൾ ആരംഭിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(സി) ഭക്ഷ്യസംസ്കരണ വ്യവസായ മേഖലയിൽ കേരളത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനായി ഒരു ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കണമെന്ന ആവശ്യം കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) സീറോ വേസ്റ്റ് എന്ന കാഴ്ചപ്പാടോടെ മത്സ്യം ഉപയോഗിക്കാൻ കഴിയുന്ന മൂല്യവർദ്ധിത ഉല്പന്ന വ്യവസായങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകാനും കൂടുതൽ മിനി സീ ഫുഡ് പ്രോസസ്സിംഗ് പാർക്കുകൾ ആരംഭിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

**<u>പാരമ്പര്യേതര ഊർജ്ജ ഉല്പാദനം</u>**

*191 **ശ്രീ . മുഹമ്മദ് മുഹസിൻ**
**ശ്രീ പി എസ് സുപാൽ**
**ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ**
**ശ്രീ. പി. ബാലചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഊർജ്ജ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളെ പരമാവധി പ്രയോജനപ്പെടുത്തുന്നതിന് വേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(ബി) കേരളം ലക്ഷ്യമിടുന്ന സൗരോർജ്ജ സ്ഥാപിതശേഷി നേടുന്നതിന്റെ ഭാഗമായി സൃഷ്ടിക്കപ്പെടുന്ന തൊഴിലവസരങ്ങൾ കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ജലസംഭരണികളിൽ കൂടുതൽ ഫ്ലോട്ടിംഗ് സോളാർ നിലയങ്ങൾ സ്ഥാപിക്കാനുള്ള പദ്ധതികൾ പരിഗണനയിലുണ്ടോ; വിശദമാക്കാമോ;

(ഡി) കെ.എസ്.ഇ.ബി.യുടെ സൗര പുരപ്പുറ സൗരോർജ്ജ പദ്ധതിയിൽ രജിസ്റ്റർ ചെയ്ത ഉപഭോക്താക്കൾക്ക് പ്രവൃത്തികളുടെ പുരോഗതി ഓൺലൈനായി ട്രാക്ക് ചെയ്യാൻ സൗകര്യമൊരുക്കുന്ന പ്രോജക്ട് മാനേജ്മെന്റ് പോർട്ടൽ നിലവിൽ വന്നിട്ടുണ്ടോ; വിശദമാക്കാമോ?

## <u>സഹകരണ മേഖലയുടെ ശാക്തീകരണം</u>

*192 **ശ്രീ കെ ആൻസലൻ**
**ശ്രീ. മുരളി പെരുനെല്ലി**
**ശ്രീ. എം.വിജിൻ**
**ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂലധന ശക്തികളുടെ താല്പര്യാനുസരണം വിവിധ കേന്ദ്രങ്ങൾ സംസ്ഥാനത്തെ സഹകരണ മേഖലയെ തകർക്കാൻ നടത്തുന്നതായ ശ്രമങ്ങൾ അതിജീവിച്ചുകൊണ്ട് ജനവിശ്വാസം നേടിയെടുത്ത് പുരോഗതിയിലേക്ക് നയിക്കാൻ നടത്തുന്ന ഇടപെടലുകളെക്കുറിച്ച് വ്യക്തമാക്കാമോ;

(ബി) സഹകരണ നിക്ഷേപം നാടിന്റെ വികസനത്തിനായി എന്ന മുദ്രാവാക്യത്തോടെ പ്രത്യേക നിക്ഷേപ സമാഹരണ യജ്ഞവും അംഗത്വ വിതരണ പ്രചരണവും നടത്തുന്നുണ്ടോ; നിക്ഷേപ ഗ്യാരന്റി തുക വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) സംഘങ്ങളുടെ സാമ്പത്തിക സുസ്ഥിരത ഉറപ്പ് വരുത്തുന്നതിനായി ആധുനികീകരണവും ഉപഭോക്താക്കളുടെ സൗകര്യവും കൂടി പരിഗണിച്ച് ഇടപാട് സമയം വ്യത്യസ്ത തരത്തിൽ ക്രമീകരിച്ചും സേവന വൈവിധ്യത്തിലൂടെയും കൂടുതൽ ഇടപാടുകാരെ ആകർഷിക്കാൻ പരിപാടിയുണ്ടോ; കടലാസ് സംഘങ്ങളെ നിർമ്മാർജനം ചെയ്യേണ്ടതിന്റെ ആവശ്യകത കണക്കിലെടുത്തിട്ടുണ്ടോ?

## <u>വികസന, ആസൂത്രണ, നിർവ്വഹണ പ്രക്രിയകളുടെ ശാക്തീകരണം</u>

*193 **ശ്രീ ഐ ബി സതീഷ്**
**ശ്രീ കടകംപള്ളി സുരേന്ദ്രൻ**

**ശ്രീ. എ.എൻ.ഷംസീർ**
**ശ്രീ. എച്ച്. സലാം** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വികസന, ആസൂത്രണ, നിർവ്വഹണ പ്രക്രിയകളുടെ ശാക്തീകരണം ലക്ഷ്യമിട്ട് തയ്യാറാക്കിയ പതിനാലാം പഞ്ചവത്സര പദ്ധതിയുടെ പ്രഥമ വാർഷിക പദ്ധതിയിൽ ഏതൊക്കെ മേഖലകൾക്കും പദ്ധതികൾക്കുമായി തുക വകയിരുത്തിയിട്ടുണ്ട്; വിശദാംശം നൽകാമോ;

(ബി) സംസ്ഥാനത്ത് പ്രാദേശിക സർക്കാരുകളെയും സഹകരണ സംഘങ്ങളെയും ഒപ്പം ചേർത്ത് കൃഷി, വ്യവസായം, വിനോദസഞ്ചാരം, സാമൂഹ്യക്ഷേമം, വിദ്യാഭ്യാസം, മാലിന്യ നിർമ്മാർജനം തുടങ്ങിയ മേഖലകളിൽ പദ്ധതി നിർവ്വഹണത്തിലൂടെ എന്തെല്ലാം മാറ്റങ്ങൾ പ്രതീക്ഷിക്കുന്നു; വിശദാംശം ലഭ്യമാക്കാമോ?

## <u>കെ.എസ്.ഇ.ബി.എൽ.-ന്റെ സാമ്പത്തിക സുസ്ഥിരത</u>

*194 **ശ്രീ. എ. രാജ**
**ശ്രീ കെ യു ജനീഷ് കുമാർ**
**ശ്രീ. എൻ.കെ. അക്ബർ**
**ശ്രീ. എം.വിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-16-ലെ സർക്കാരിന്റെ കാലത്ത് 2014-ൽ കെ.എസ്.ഇ.ബി.എൽ. വൈദ്യുതി വാങ്ങുന്നതിനായി ചട്ടം ലംഘിച്ചുകൊണ്ട് കരാറിൽ ഏർപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് പരിശോധിക്കാൻ വിദഗ്ദ്ധ സമിതിയെ നിയോഗിച്ചിരുന്നോ; വിദഗ്ദ്ധ സമിതിയുടെ കണ്ടെത്തൽ എന്തായിരുന്നു; പതിനയ്യായിരത്തി അറുനൂറ് കോടി രൂപയുടെ അധിക ബാധ്യത ഉണ്ടാകുമെന്ന് കണക്കാക്കുന്ന പ്രസ്തുത കരാർ റദ്ദാക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) കെ.എസ്.ഇ.ബി.എൽ. -ന്റെ സാമ്പത്തിക സുസ്ഥിരത ഉറപ്പാക്കുന്നതിന് നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(സി) വൈദ്യുതി പ്രസരണ, വിതരണ രംഗം കാര്യക്ഷമമാക്കുന്നതിനും പ്രസരണ, വിതരണ നഷ്ടം കുറയ്ക്കുന്നതിനും നടപ്പിലാക്കി വരുന്ന ട്രാൻസ്ഗ്രിഡ്, ദ്യുതി പദ്ധതികളുടെ പുരോഗതി അവലോകനം ചെയ്തിരുന്നോ; വിശദാംശം ലഭ്യമാക്കുമോ?

## <u>രജിസ്ട്രേഷൻ വകുപ്പിൽ ആധുനികീകരണം</u>

*195 **ശ്രീമതി ഒ എസ് അംബിക**
**ശ്രീ എം രാജഗോപാലൻ**
**ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ**
**ശ്രീ. പി.പി. സുമോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എല്ലാവിധ രജിസ്ട്രേഷൻ ഇടപാടുകൾക്കും ഇ-സ്റ്റാമ്പിംഗ് ഏർപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ആധാരത്തിൽ വിരലടയാളവും

ഇടപാടുകാരന്റെ ഫോട്ടോയും ഡിജിറ്റലായി രേഖപ്പെടുത്തുന്ന രീതി പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ബി) രജിസ്ട്രേഷൻ വകുപ്പിൽ ആധുനികീകരണത്തിന്റെ ഭാഗമായി എന്തെല്ലാം നൂതന പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്; വിശദമാക്കാമോ?

## ഓരോ മണ്ഡലത്തിലും ഓരോ വ്യവസായ പാർക്ക്

*196 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ കെ ബി ഗണേഷ് കുമാർ**
**ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി**
**ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ ലഭ്യത ഉറപ്പ് വരുത്താൻ ഓരോ നിയോജകമണ്ഡലത്തിലും ഓരോ വ്യവസായ പാർക്ക് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദമാക്കാമോ;

(ബി) ഇത്തരം വ്യവസായ പാർക്കുകളിൽ പ്രാദേശികമായി ലഭ്യമാകുന്ന വസ്തുക്കൾ ഉപയോഗപ്പെടുത്തിയുള്ള സംരംഭങ്ങളും ഐ.റ്റി. ഉൾപ്പെടെയുള്ള സ്റ്റാർട്ടപ്പുകളും തുടങ്ങുന്നതിനു നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത പാർക്കുകളിൽ സംരംഭങ്ങൾ ആരംഭിക്കുന്നവർക്ക് സർക്കാർ സബ്സിഡി നൽകുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## സഹകരണ മേഖലയിൽ തൊഴിൽ കർമ്മ പരിപാടി

*197 **ഡോ.കെ.ടി.ജലീൽ**
**ശ്രീ. എം. എം. മണി**
**ശ്രീ. എ. പ്രഭാകരൻ**
**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ-രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രണ്ടാം നൂറുദിന പരിപാടിയിൽ മെയ് മാസത്തിന് മുമ്പ് സഹകരണ മേഖല വഴി ഇരുപതിനായിരം തൊഴിൽ സൃഷ്ടിക്കുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ കർമ്മ പരിപാടി തയ്യാറാക്കിയിട്ടുണ്ടോ;

(ബി) സഹകരണ മേഖലയുടെ ശാക്തീകരണത്തിനായുള്ള ഇടപെടലുകൾ എന്തൊക്കെയാണ്;

(സി) ഹ്രസ്വകാലയളവിനുള്ളിൽത്തന്നെ പതിമൂവായിരത്തിലധികം ഇടത്തരം, ചെറുകിട, സൂക്ഷ്മ വ്യവസായങ്ങൾക്ക് വഴിയൊരുക്കാൻ കേരള ബാങ്കിന് കഴിഞ്ഞിട്ടുണ്ടോ; ഇതിനായി ഏന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ?

## ഹരിതോർജ്ജ പദ്ധതികൾ

*198 **ഡോ സുജിത് വിജയൻപിള്ള**
**ശ്രീ. കെ.എം.സച്ചിൻദേവ്**
**ശ്രീ കെ യു ജനീഷ് കുമാർ**

**ശ്രീ വി കെ പ്രശാന്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുത വാഹന പ്രോത്സാഹന നയത്തിന് ലഭിക്കുന്ന മികച്ച പ്രതികരണങ്ങൾ കൂടി കണക്കിലെടുത്ത് സംസ്ഥാനത്ത് തടസ്സമില്ലാതെ ആവശ്യാനുസരണം വൈദ്യുതി ലഭ്യമാക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളെക്കുറിച്ച് അറിയിക്കാമോ;

(ബി) സോളാർ സിറ്റി പദ്ധതിയുടെ വിശദാംശവും പദ്ധതിയുടെ നേട്ടങ്ങളും മതിപ്പ് ചെലവും വിശദമാക്കുമോ;

(സി) പരിസ്ഥിതി സൗഹൃദോർജ്ജ പ്രോത്സാഹന നയത്തിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ഇ.ബി.എൽ.-ന്റെ സൗര പദ്ധതി കൂടുതൽ ആകർഷകമാക്കിയിട്ടുണ്ടോ; ഗാർഹിക മേഖലയിലെ ഊർജ്ജ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് പരിപാടിയുണ്ടോ; വിശദമാക്കാമോ?

## <u>ചെറുകിട ജലവൈദ്യുത പദ്ധതികൾ</u>

*199 **ശ്രീ. ലിന്റോ ജോസഫ്**
**ശ്രീ. എം. എം. മണി**
**ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിസ്ഥിതി സൗഹൃദ ഊർജ്ജോല്പാദന മാർഗ്ഗങ്ങളിൽ പ്രധാനപ്പെട്ട മേഖല എന്ന നിലയിൽ ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ബി) വിവിധ വകുപ്പുകളുടെ പങ്കാളിത്തത്തോടെ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഒരു സമഗ്ര സംയോജിത പദ്ധതി നിർവ്വഹണം സംബന്ധിച്ച നിർദ്ദേശം തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകാമോ;

(സി) സംസ്ഥാനത്ത് ജലസേചന കനാലുകളിലും നീരൊഴുക്കുകളിലും ഹൈഡ്രോ കൈനറ്റിക്ക് സാങ്കേതികവിദ്യയുടെ സഹായത്തോടെ വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുള്ള പദ്ധതികൾ പരിഗണനയിലുണ്ടോ; വിശദാംശം നൽകാമോ?

## <u>ഖാദി-കൈത്തറി മേഖലയുടെ ഉത്തേജനത്തിനായി പദ്ധതികൾ</u>

*200 **ശ്രീ. ആന്റണി ജോൺ**
**ശ്രീ. കെ.വി.സുമേഷ്**
**ശ്രീ സി കെ ഹരീന്ദ്രൻ**
**ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോവിഡ് കടുത്ത പ്രതിസന്ധിയിലാക്കിയ ഖാദി-കൈത്തറി മേഖലയുടെ ഉത്തേജനത്തിനായി പ്രത്യേകം പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ; നൂൽ ക്ഷാമം പരിഹരിക്കാൻ ഇടപെടൽ ഉണ്ടാകുമോ;

(ബി) കൈത്തറി ഉല്പന്നങ്ങൾക്ക് ആഭ്യന്തര, വിദേശ വിപണിയിൽ വിശ്വാസ്യതയുറപ്പാക്കി വില്പന പ്രോത്സാഹിപ്പിക്കുന്നതിന് കേരള കൈത്തറി മുദ്ര പതിപ്പിക്കാനുള്ള നടപടി

ആരംഭിച്ചിട്ടുണ്ടോ;

(സി) ഖാദി ഉല്പന്നങ്ങളുടെ പ്രധാന ഭീഷണി അയൽ സംസ്ഥാനങ്ങളിൽ നിന്നെത്തുന്ന വ്യാജ ഖാദി ഉല്പന്നങ്ങൾ ആയതിനാൽ അത് പരിഹരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ആലോചിക്കുന്നുണ്ടോ?

**<u>ഹൈഡൽ ടൂറിസം സെന്ററിന്റെ പദ്ധതികൾ</u>**

*201 **ശ്രീ . സണ്ണി ജോസഫ്**

**ശ്രീ . ഷാഫി പറമ്പിൽ**

**ശ്രീ. അൻവർ സാദത്ത്**

**ശ്രീ. എ . പി . അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. ഹൈഡൽ ടൂറിസം സെന്ററിന്റെ ടൂറിസം പദ്ധതിയുടെ കരാർ കെ.എസ്.ഇ.ബി.യ്ക്ക് നഷ്ടമാണെന്ന് ഹൈഡൽ ടൂറിസം ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത സ്ഥലത്ത് നിന്ന് മണ്ണും മരവും കടത്തിയ സംഭവമുണ്ടായിട്ടുണ്ടോ; ഇത് സംബന്ധിച്ച എന്തെങ്കിലും കേസ് നിലവിലുണ്ടോ; ഈ വകയിൽ കെ.എസ്.ഇ.ബി.യ്ക്ക് വലിയ നഷ്ടമുണ്ടായിട്ടുണ്ടോ എന്ന് വിശദമാക്കാമോ;

(സി) കെ.എസ്.ഇ.ബി. ഹൈഡൽ ടൂറിസം സെന്ററിന്റെ ടൂറിസം പദ്ധതികൾക്കായി ജൂനിയറായ ഒരു ചീഫ് എക്സിക്യൂട്ടീവ് എൻജിനിയർ നൂറുകണക്കിന് ഏക്കർ സ്ഥലം ബോർഡോ സർക്കാരോ അറിയാതെ പാട്ടത്തിന് നൽകി എന്ന് ആക്ഷേപമുയർന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതുസംബന്ധിച്ച് എന്തെങ്കിലും അന്വേഷണമോ നടപടിയോ ഉണ്ടായിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

**<u>വ്യവസായ ഇടനാഴികൾ സ്ഥാപിക്കാനുള്ള പ്രവർത്തന പുരോഗതി</u>**

*202 **ശ്രീ ഡി കെ മുരളി**

**ശ്രീമതി കെ. കെ. ശൈലജ ടീച്ചർ**

**ശ്രീ . കെ .ഡി .പ്രസേനൻ**

**ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ ഇടനാഴികൾ സ്ഥാപിക്കാനുള്ള പ്രവർത്തനത്തിന്റെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(ബി) കൊച്ചി-പാലക്കാട് ഹൈടെക് വ്യവസായ ഇടനാഴിക്കായി ഭൂമി ഏറ്റെടുക്കൽ നടപടി ത്വരിതപ്പെടുത്തിയിട്ടുണ്ടോ; ആദ്യ ഘട്ടത്തിൽ എത്ര ഏക്കർ ഭൂമിയാണ് ഏറ്റെടുക്കുന്നതെന്ന് അറിയിക്കാമോ;

(സി) മലബാറിലെ വ്യവസായ വികസനത്തിന് വേഗത പകരാൻ ഉദ്ദേശിച്ച് കൊണ്ട് കണ്ണൂർ വിമാനത്താവളത്തിന് സമീപം [illegible] ഏക്കർ ഭൂമി ഏറ്റെടുക്കാൻ കിഫ്ബി ഫണ്ട്

ലഭ്യമായിട്ടുണ്ടോ; എങ്കിൽ ഏറ്റെടുക്കൽ നടപടിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ഡി) രണ്ടര ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയുമെന്ന് പ്രഖ്യാപിച്ചിട്ടുള്ള തലസ്ഥാന നഗര പ്രദേശ വികസന പരിപാടിയ്ക്ക് കേന്ദ്രാനുമതി ലഭ്യമായിട്ടുണ്ടോ; പദ്ധതിയെക്കുറിച്ച് വിശദമാക്കുമോ?

**<u>സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കാൻ നടപടി</u>**

*203 **ശ്രീ .പി. കെ. ബഷീർ**
**ഡോ. എം.കെ . മുനീർ**
**ശ്രീ . പി . ഉബൈദുള്ള**
**ശ്രീ. യു.എ.ലത്തീഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉപഭോക്താക്കൾക്ക് കുറഞ്ഞ നിരക്കിൽ വൈദ്യുതി വിതരണം ചെയ്യുന്നതിനും വൈദ്യുതി ക്ഷാമം പരിഹരിക്കുന്നതിനും കൂടുതൽ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്നതിലൂടെ കഴിയുമെന്ന് കരുതുന്നുണ്ടോ;

(ബി) സൗരോർജ്ജ നിലയങ്ങളിലൂടെ എത്ര മെഗാവാട്ട് വൈദ്യുതിയാണ് കെ.എസ്.ഇ.ബി. ഉല്പാദിപ്പിക്കുന്നത്; ഇത് വർദ്ധിപ്പിക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ?

**<u>വാണിജ്യ മിഷന്റെ പ്രവർത്തനങ്ങൾ</u>**

*204 **ശ്രീ. വാഴൂർ സോമൻ**
**ശ്രീ ഇ ചന്ദ്രശേഖരൻ**
**ശ്രീ വി ശശി**
**ശ്രീ. വി. ആർ. സുനിൽകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാണിജ്യ മേഖലയ്ക്ക് ആകർഷകമായ പ്രതിച്ഛായ സൃഷ്ടിക്കുന്നതിനും അന്താരാഷ്ട്ര വിപണിയിൽ ചെറുകിട വ്യവസായ സ്ഥാപനങ്ങളുടെ മത്സരക്ഷമത ഉറപ്പാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളെ ആഗോള വിപണിയിൽ പരിചയപ്പെടുത്തി വിപണന സാധ്യതയും കയറ്റുമതിയും പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(സി) വാണിജ്യ മിഷന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി വിവിധ ജില്ലകളിൽ പ്രാദേശിക വ്യാപാര മേളകൾ സംഘടിപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) വാണിജ്യ സംരംഭങ്ങളുടെ നവീകരണത്തിനായി ശേഷി വർദ്ധിപ്പിക്കൽ, സാങ്കേതികവിദ്യ ഏറ്റെടുക്കൽ, ക്ലസ്റ്റർ വികസനം തുടങ്ങിയവ വാണിജ്യ മിഷൻ പദ്ധതിയുടെ ഭാഗമാക്കുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

**<u>കെ.എസ്.ഇ.ബി. പരിഷ്കാരങ്ങൾക്ക് മുൻകൂർ അനുമതി</u>**

*205 **ശ്രീ . ഐ .സി .ബാലകൃഷ്ണൻ**

**ശ്രീ സി ആർ മഹേഷ്**
**ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. റോജി എം. ജോൺ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. പരിഷ്കാരങ്ങൾക്ക് സർക്കാരിന്റെ മുൻകൂർ അനുമതി വേണം എന്ന നിബന്ധന മറികടന്ന് കമ്പനി ഫുൾ ബോർഡ് അംഗീകാരം പോലും ഇല്ലാതെ ആയിരത്തി ഇരുനൂറ് കോടി രൂപയുടെ ബാധ്യത കെ.എസ്.ഇ.ബി. ഏറ്റെടുത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ബോർഡിന്റെ ഔദ്യോഗിക വാഹനം ഉപയോഗിക്കാൻ അർഹതയില്ലാത്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ വർഷങ്ങളോളം ലോഗ്ബുക്കിൽ രേഖപ്പെടുത്തി ആയിരക്കണക്കിന് കിലോമീറ്റർ യാത്ര ചെയ്ത സംഭവം അടക്കം കെ.എസ്.ഇ.ബി.യിൽ ധൂർത്ത് നടക്കുന്നു എന്ന് കെ.എസ്.ഇ.ബി. ചെയർമാൻ വെളിപ്പെടുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇത്തരം സംഭവങ്ങളിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഡി) ഇപ്രകാരം വൈദ്യുതി ബോർഡിൽ ഉണ്ടായിട്ടുള്ള ബാധ്യതകൾ വൈദ്യുതി ചാർജ്ജ് വർധനവിലൂടെ ജനങ്ങളുടെമേൽ കെട്ടിവയ്ക്കാനുള്ള നീക്കമാണ് കെ.എസ്.ഇ.ബി. ശ്രമിക്കുന്നത് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

## സ്വകാര്യ ഉല്പാദകരിൽ നിന്നും വൈദ്യുതി വാങ്ങുന്നതിന് റഗുലേറ്ററി കമ്മീഷന്റെ അനുമതി

*206 **ശ്രീ . മഞ്ഞളാംകുഴി അലി**
**ശ്രീ എൻ എ നെല്ലിക്കുന്ന്**
**ശ്രീ . എൻ . ഷംസുദ്ദീൻ**
**ശ്രീ. കുറുക്കോളി മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡ് സ്വകാര്യ ഉല്പാദകരിൽ നിന്നും വൈദ്യുതി വാങ്ങുന്നതിന് റഗുലേറ്ററി കമ്മീഷന്റെ അനുമതി ആവശ്യമാണോയെന്ന് അറിയിക്കാമോ;

(ബി) ഇപ്രകാരം അനുമതി വാങ്ങാതെ വൈദ്യുതി വാങ്ങാനുള്ള ഇരുപത്തിയഞ്ച് വർഷത്തെ കരാർ നടപ്പാക്കിയിരിക്കുന്നതിലൂടെ പതിനയ്യായിരം കോടി രൂപയുടെ അധികബാധ്യത ബോർഡിനുണ്ടായതായി കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) പ്രസ്തുത കരാർ റദ്ദാക്കണമെന്ന കേന്ദ്ര വൈദ്യുത മന്ത്രാലയത്തിന്റെ നിർദ്ദേശത്തിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശം നൽകുമോ?

## ഹൈഡൽ ടൂറിസം പദ്ധതികൾക്കായുള്ള കരാർ

*207 **ഡോ. മാത്യു കുഴൽനാടൻ**
**ശ്രീ. സജീവ് ജോസഫ്**
**ശ്രീ. സനീഷ്കുമാർ ജോസഫ്**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. ഹൈഡൽ ടൂറിസം സെന്ററിന്റെ ടൂറിസം പദ്ധതികൾ നടപ്പിലാക്കാൻ മൂന്ന് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾക്കും മൂന്ന് ചാരിറ്റബിൾ സൊസൈറ്റികൾക്കും കരാർ നൽകിയിട്ടുണ്ടോ;

(ബി) പത്രങ്ങളിൽ പരസ്യം നൽകാതെ ഹൈഡൽ ടൂറിസം സെന്ററിന്റെ സൈറ്റിലും കെ.എസ്.ഇ.ബി. യുടെ വെബ്സൈറ്റിലും മാത്രം പരസ്യം നൽകിയാണ് ടെൻഡർ നടത്തിയത് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഹൈഡൽ ടൂറിസം സെന്ററിന് വളരെ തുച്ഛമായ വരുമാനം മാത്രം ലഭിക്കുന്ന തരത്തിലാണ് ഈ കരാറുകളെല്ലാം ഒപ്പിട്ടിരിക്കുന്നത് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

## ജി.എസ്.ടി. പിരിവ് ഊർജ്ജിതപ്പെടുത്താൻ നടപടി

*208 **ശ്രീ. ടി.ഐ.മധുസൂദനൻ**
**ശ്രീ കടകംപള്ളി സുരേന്ദ്രൻ**
**ശ്രീ. പി.വി.അൻവർ**
**ശ്രീ. കെ.കെ. രാമചന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിമൂന്നാം ധന കമ്മീഷന്റെ നിശ്ചയപ്രകാരം സംസ്ഥാനത്തിന് കേന്ദ്ര നികുതി വിഹിതമായി 3.5 ശതമാനം ലഭിച്ചിരുന്നത് പതിനഞ്ചാം ധന കമ്മീഷന്റെ തീർപ്പപ്രകാരം 1.925 ശതമാനമായി കുറഞ്ഞത് മൂലം പ്രതിവർഷം ഉണ്ടാകാവുന്ന ഏകദേശം പതിമൂവായിരം കോടി രൂപയുടെ വരുമാന നഷ്ടം സൃഷ്ടിക്കാനിടയുള്ള ധന പ്രതിസന്ധി മറികടക്കുന്നതിനും റവന്യൂ കമ്മി നികത്തുന്നതിനും പ്രത്യേക ഗ്രാന്റ് അനുവദിക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ; വ്യക്തമാക്കാമോ;

(ബി) ജി.എസ്.ടി. നഷ്ടപരിഹാരം അടുത്ത വർഷം ജൂലൈ മുതൽ ഇല്ലാതാകുന്നതുമൂലമുണ്ടാകുന്ന നികുതി കുറവ് പരിഹരിക്കാൻ ജി.എസ്.ടി. പിരിവ് കൂടുതൽ ഊർജ്ജിതപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ;

(സി) സാമ്പത്തിക ബുദ്ധിമുട്ട് മറികടക്കുന്നതിന് മൂലധന ചെലവിലോ ക്ഷേമ പദ്ധതികൾക്കായുള്ള വകയിരുത്തലിലോ കുറവ് വരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

## സംസ്ഥാനത്തിന് പുറത്ത് നിന്ന് വൈദ്യുതി

*209 **ശ്രീ. കുറുക്കോളി മൊയ്തീൻ**
**ശ്രീ . പി . ഉബൈദുള്ള**
**ഡോ. എം.കെ . മുനീർ**
**ശ്രീ. യു.എ.ലത്തീഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2021 ഏപ്രിൽ-ജൂലായ് കാലയളവിൽ പുറത്ത് നിന്ന് വൈദ്യുതി വാങ്ങിയിരുന്നോ;

(ബി) എങ്കിൽ ഇപ്രകാരം വൈദ്യുതി വാങ്ങുന്നതിന് ചെലവഴിച്ച തുക ഉപഭോക്താക്കളിൽ നിന്നും ഈടാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(സി) അതിനായി സർചാർജ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

**കെ.എസ്.ഇ.ബി.യിലെ നിയമനം സംബന്ധിച്ച അന്വേഷണം**

*210 **ശ്രീ. ടി.സിദ്ദിഖ്**
**ശ്രീ. അൻവർ സാദത്ത്**
**ശ്രീ. എ . പി . അനിൽ കുമാർ**
**ശ്രീ പി സി വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.യിൽ അനധികൃത നിയമനങ്ങൾ നടക്കുന്നു എന്ന കെ.എസ്.ഇ.ബി. ചെയർമാൻ വെളിപ്പെടുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ;

(ബി) കെ.എസ്.ഇ.ബി.യിൽ ജീവനക്കാരെ നിയമിക്കുമ്പോൾ റഗുലേറ്ററി കമ്മീഷന്റെ അംഗീകാരം നേടണമെന്ന് വ്യവസ്ഥയുണ്ടോ;

(സി) കെ.എസ്.ഇ.ബി.യിലെ മുപ്പത്തി മൂവായിരം ജീവനക്കാരിൽ ആറായിരത്തോളം പേരുടെ നിയമനത്തിന് റഗുലേറ്ററി കമ്മീഷന്റെ അംഗീകാരം നേടിയിട്ടില്ല എന്നത് വസ്തുതയാണോ;

(ഡി) ഫുൾ ബോർഡോ മാനേജിങ് ഡയറക്ടറോ അറിയാതെ തൊണ്ണൂറ് ഉദ്യോഗസ്ഥരെ വാട്സാപ് സന്ദേശം നൽകി നിയമിച്ചു എന്ന കെ.എസ്.ഇ.ബി. ചെയർമാന്റെ വെളിപ്പെടുത്തൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഇതിന്മേൽ അന്വേഷണം നടത്താൻ തീരുമാനിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം,

അംഗീകരിച്ച തീയതി: 2022 മാർച്ച് 9, ബുധൻ
എസ് വി ഉണ്ണികൃഷ്ണൻ നായർ,
സെക്രട്ടറി,

---

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u> നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].